**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 സെപ്റ്റംബർ 3

# വാർത്താക്കുറിപ്പ്

---

## ഇന്റർനാഷണൽ ഓൺലൈൻ കോൺഫറൻസ് സെപ്റ്റംബർ 9 ന് തുടങ്ങും

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ് ആന്റ് നാനോ സെന്ററും, പോളണ്ടിലെ റോക്ലോ യൂണിവേഴ്സിറ്റിയും ലൊറെയിൻ യൂണിവേഴ്സിറ്റിയും ഗ്ഡാൻസ്ക് യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജിയും സംയുക്തമായി പദാർത്ഥങ്ങളുടെയും ഉൽപ്പന്നങ്ങളുടെയും പുനരുപയോഗം എന്ന വിഷയത്തെ ആസ്പദമാക്കി സംഘടിപ്പിക്കുന്ന ഇന്റർനാഷണൽ ഓൺലൈൻ കോൺഫറൻസിന് സെപ്റ്റംബർ 9 ന് തുടക്കമാകും.

സർവ്വകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിക്കുന്ന പരിപാടിയിൽ പോളണ്ടിലെ റോക്ലോ യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജിയിലെ പ്രോഫ. മസീജ് ജറോസേവ്സ്കിയും (Prof. Maciej Jaroszewski), ഡാൻസ്ക് യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജിയിലെ പ്രൊഫ. ജോസെഫ് റ്റി. ഹാപ്പോന്യൂയിക്കും (Prof. Jozef T. Haponuik) ചേർന്നാണ് പരിപാടിയുടെ ഉദ്ഘാടനം നിർവഹിക്കുന്നത്. സെപ്റ്റംബർ 11 വരെ നീണ്ടു നിൽക്കുന്ന മൂന്ന് ദിവസത്തെ കോൺഫറൻസിൽ സെഷനുകളുടെ ഏകോപനം ഡോ. ഹന്ന ജെ മരിയയാണ് നടത്തുന്നത്. നാനോമെറ്റീരിയൽസ് ഉൾപ്പെടെയുള്ള പദാർത്ഥങ്ങളുടെ പുനരുപയോഗവുമായി ബന്ധപ്പെട്ട് സമീപകാലങ്ങളിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ കേന്ദ്രീകരിച്ചാണ് കോൺഫറൻസ് ചർച്ച ചെയ്യുന്നത്.

ഒൻപത് പ്ലീനറി പ്രഭാഷണങ്ങൾ, 30 ക്ഷണിക്കപ്പെട്ട പ്രസംഗങ്ങൾ, 20 ഹ്രസ്വ ക്ഷണിക്കപ്പെട്ട പ്രസംഗങ്ങൾ, യുവ ഗവേഷകരുടെ നിരവധി പോസ്റ്റർ സെഷനുകൾ എന്നിവ ഓൺലൈൻ കോൺഫറൻസിൽ ഉണ്ടായിരിക്കും. ഇരുപതോളം രാജ്യങ്ങളിൽ നിന്നുള്ള മികവുറ്റ പ്രഭാഷകർ കോൺഫറൻസിൽ പങ്കെടുക്കും.

കോൺഫറൻസിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർക്ക് http://www.macromol.in/ICN2022/ എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ recycle@macromol.in എന്ന ഇ-മെയിൽ വഴി ബന്ധപ്പെടുകയോ ചെയ്യാം.

(പി.ആർ.ഒ./39/12 82/2022)

## പി.എച്ച്.ഡി. എൻട്രൻസ് പരീക്ഷാഫലം

ജൂലൈ 16, 17 തീയതികളിൽ സി.എം.എസ്. കോളേജിൽ വച്ച് നടത്തിയ പി.എച്ച്.ഡി. എൻട്രൻസ് ടെസ്റ്റ് - 2022 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. 'പ്രൊവിഷണലി പാസ്സ്ഡ്' സ്റ്റാറ്റസ് ഉള്ളവർ അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം സെപ്റ്റംബർ 16 നകം അസിസ്റ്റന്റ് രജിസ്ട്രാർ XXIV

(എക്സാം), മഹാത്മാഗാന്ധി സർവ്വകലാശാല, പി.ഡി. ഹിൽസ് - 686560 എന്ന വിലാസത്തിലേക്ക് അയക്കേണ്ടതാണ്. അല്ലാത്ത പക്ഷം അന്തിമ പട്ടികയിൽ ഉൾപ്പെടുത്തുന്നതല്ല. വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/12 83/2022)

## പ്രാക്ടിക്കൽ പരീക്ഷ

2022 ജൂലായ് മാസത്തിൽ നടന്ന ഒന്നാം സെമെസ്റ്റർ ബി.എസ്.സി. (ഇലക്ട്രോണിക്സ് - മോഡൽ III/ ഇലക്ട്രോണിക്സ് & കമ്പ്യൂട്ടർ മെയിന്റനൻസ് - മോഡൽ III) സി.ബി.സി.എസ്. (ന്യൂ സ്കീം - 2021 അഡ്മിഷൻ - റെഗുലർ / 2020 അഡ്മിഷൻ - ഇമ്പ്രൂവ്മെന്റ് / 2017, 2018, 2019 & 2020 അഡ്മിഷൻ - റീ-അപ്പിയറൻസ്) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 14, 15, 16 തീയതികളിൽ വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തും. വിശദമായ ഷെഡ്യൂൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/12 84/2022)

## പരീക്ഷാ ഫലം

ഒന്ന്, രണ്ട് സെമസ്റ്റർ എം.എ. മലയാളം (പ്രൈവറ്റ് പഠനം - സപ്ലിമെന്ററി) മാർച്ച് 2021 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസ് സഹിതം സെപ്റ്റംബർ 19 വരെ ഓൺലൈനായി അപേക്ഷിക്കാം. 2015 അഡ്മിഷന് മുൻപുള്ളവർ് പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/12 85/2022)

**അനിൽകുമാർ ജി.**
**പബ്ലിക് റിലേഷൻസ് ഓഫീസർ (i/c)**